VI അവകാശ ലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : അവകാശലംഘന പ്രശ്നങ്ങളെ സംബന്ധിച്ച നോട്ടീസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VII പ്രമേയം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സഭയുടെ നടപ്പുസമ്മേളനം അനിശ്ചിത കാലത്തേക്ക് പിരിയണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചു. കേരള നിയമസഭയുടെ ഈ സമ്മേളനം അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ 2015 മാർച്ച് മാസം 23-ാം തീയതി രാവിലെ 8.48-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു).

അനുബന്ധം-I

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ ലാബുകൾ

1 (*271) ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്പേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ ലാബുകൾ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് വന്നതിനുശേഷം ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉത്തരവായിട്ടുണ്ട്.

(ബി) ടി ഉത്തരവ് ശ്രദ്ധയിൽപ്പെടുന്നതിനു മുമ്പ് തന്നെ പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച പരാതിയുടെ ഗൗരവമുൾക്കൊണ്ട് ബഹു. മുഖ്യമന്ത്രി ഒരു അടിയന്തര യോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിലെടുത്ത തീരുമാനങ്ങളനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ സ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി അലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

2 (*272) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്ന പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) പെൻഷൻ ഫണ്ടിന്റെ വരുമാനസ്രോതസ്സ് ഏതെല്ലാം ; ഇതിൽ ഏതെങ്കിലും വരുമാന സ്രോതസ്സ് നിലച്ചിട്ടുണ്ടോ ;എങ്കിൽ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly